# THE STATE ELECTRICITY OMBUDSMAN

D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmail.com


## അപ്പീൽ പരാതി നമ്പർ: P/032/2023

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
തീയതി: ആഗസ്റ്റ് -011- 2023

പരാതിക്കാരൻ : എം. സോമരാജൻ പിള്ള, തപസ്സ്യ,
മനക്കര, ശാസ്താംകോട്ട പി. ഒ.,
കൊല്ലം.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ
സബ് ഡിവിഷൻ,
കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ്.,
ശാസ്താംകോട്ട.

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ ശ്രീ സോമരാജൻ പിള്ള കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഇലക്ട്രിക് സെക്ഷന്റെ ഒരു ഉപഭോക്താവാണ് (Consumer No. 1145739013035). പരാതിക്കാരന്റെ അയൽവാസിക്ക് പവർ നൽകുന്നതിന് വേണ്ടി അനധികൃതമായി അദ്ദേഹത്തിന്റെ പുരയിടത്തിൽ കൂടി ലൈൻ വലിക്കുകയും അത് അവിടെയുള്ള മരങ്ങളിൽ സ്പർശിച്ച് കടന്നു പോകുകയും ചെയ്യുന്നു. WP വയർ ഉപയോഗിച്ചുള്ള ഈ കണക്ഷൻ മറ്റൊരു അയൽവാസിയുടെ പുരയിടത്തിൽ കൂടി കടന്നു പോയിരുന്നതായിരുന്നു, എന്നാൽ പിന്നീട് ഇത് മാറ്റി പരാതിക്കാരന്റെ പുരയിടത്തിൽ കൂടി വലിക്കുകയാണ് ഉണ്ടായത്. ഈ ലൈൻ പരാതിക്കാരന്റെ പുരയിടത്തിൽ നിന്നും

മാറ്റണം എന്നതാണ് ആവശ്യം. സെക്ഷൻ ഓഫീസ് അധികാരികളെ സമീപിച്ചെങ്കിലും നടപടി ഒന്നുമായിട്ടില്ല. വളരെ സമ്മർദ്ദത്തിന്റെ ഫലമായി ഈ ലൈൻ മാറ്റാനുള്ള ചെലവ് പരാതിക്കാരൻ വഹിക്കണമെന്ന രീതിയിൽ സെക്ഷൻ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിച്ചു. പരാതിക്കാരൻ ചിലവ് വഹിക്കാൻ തയ്യാറല്ല. CGRF ൽ പരാതി സമർപ്പിക്കുകയും CGRF 18/05/2023-ൽ ഉത്തരവിറക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീൽ ആയിട്ടാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

പരാതിക്കാരന്റെ വാദം

1. 25.10.2022 ൽ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മുമ്പാകെ ഒരു പരാതി ഞങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതി കൊട്ടാരക്കര Consumer Grievance Redressal Forum (CGRF South) ലേക്കും അയച്ചുകൊടുക്കാനായി അവിടെനിന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫോറത്തിലേക്ക് 07.11.2022ൽ അയച്ചു കൊടുത്തിട്ടുള്ളതും ആയത് OP. No. 74/22 നമ്പരായി ഫയലിൽ സ്വീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

2. പ്രസ്തുത തീർപ്പ് എനിക്ക് യാതൊരുവിധത്തിലും നീതി ലഭ്യമാകുന്നതല്ല. ഞാൻ പ്രധാനമായി ഉന്നയിച്ചിട്ടുള്ളത് എന്റെ പുരയിടത്തിൽക്കൂടി വലിച്ചിരിക്കുന്ന വൈദ്യുത ലൈൻ അവർക്ക് സ്വന്തമായുള്ള വഴിയിലൂടെ അവരുടെ വീട്ടിലേക്ക് വലിക്കണം എന്നതാണ്. പ്രസ്തുത വൈദ്യുത ലൈൻ കാരണം ഇതിലെ എതിർകക്ഷികൾ നിരന്തരം എന്റെ സമാധാനപരമായ ജീവിതത്തിൽ ഭംഗം വരുത്തി കൊണ്ടിരിക്കുകയാണ്. ഒരു ശാശ്വത പരിഹാരം കിട്ടാൻ വേണ്ടിയാണ് പ്രസ്തുത ലൈൻ അവരുടെ സ്വന്തം വഴിയിലൂടെ മാറ്റി സ്ഥാപിക്കാൻ അപേക്ഷിച്ചിട്ടുള്ളത്.

3. കഴിഞ്ഞ 30 വർഷത്തിനു മുമ്പ് സ്ഥലം വാങ്ങി വീടും മതിലും കെട്ടി വേർതിരിച്ചിട്ടുള്ളതാണ്. ഞങ്ങൾ ഇരുവരും ജുഡീഷ്യറി ഡിപ്പാർട്ട്മെന്റ് ൽ ജോലി ചെയ്തു വന്നിരുന്നവരും, സ്വകാര്യാർത്ഥം കൊട്ടാരക്കരയിൽ വാടകവീട്ടിൽ കുടുംബസമേതം താമസിച്ചു വന്നിരുന്നതും, 2015 ന് വിശ്രമ ജീവിതം നയിച്ചു വരുന്നവരുമാണ്.

4. എന്റെ വീടിന്റെ തെക്കുവശം ഇതിലെ നാലാമത്തെ എതിർകക്ഷി രാജീവത്തിൽ സജീവ്കുമാർ താമസിച്ചുവരുന്നു. ടിയാന്റെ മാതൃ സഹോദരിയുടെ മകനാണ് മൂന്നാം എതിർകക്ഷി പാഞ്ചജന്യത്തിൽ സുമേഷ്. ഇവർ സ്വന്തം ചേട്ടത്തി- അനുജത്തി മക്കളാണ്. മൂന്നാം എതിർകക്ഷിയുടെ താൽക്കാലിക താമസത്തിനായി വീട് വച്ച സമയത്ത് നാലാം എതിർകക്ഷിയുടെ സ്ഥലത്തുകൂടി (എന്റെ വസ്തുവിന്റെ തെക്കുവശം) യാണ് ലൈൻ വലിച്ചിട്ടുള്ളത്.

അല്ലാതെ എന്റെ പുരയിടത്തിൽ കൂടി ലൈൻ വലിക്കാൻ ഞാൻ ആർക്കും സമ്മതം നൽകിയിട്ടില്ല. എന്നാൽ കാലക്രമത്തിൽ ഞാനിവിടെ വന്നു താമസം തുടങ്ങിയത് മുതൽ കാണുന്നത് എന്റെ പുരയിടത്തിനകത്തുള്ള വൃക്ഷത്തിൽ ചേർത്ത് കെട്ടി ലൈൻ പിടിച്ചു കൊണ്ടുപോകുന്നതാണ്. നിരവധി തവണ ഞാൻ ഈ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി അപേക്ഷ കൊടുക്കുകയും അതിൽ പ്രകാരം നാലാം എതിർകക്ഷിയുടെ പുരയിടത്തിൽ കൂടി മാറ്റിത്തരുകയും ചെയ്തിട്ടുള്ളതാണ്. കുറച്ചുനാൾ കഴിയുമ്പോൾ വീണ്ടും പഴയതുപോലെ എന്റെ പുരയിടത്തിലേക്ക് ഈ ലൈൻ മാറ്റപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അതിനുശേഷം നാലാം എതിർകക്ഷിയുടെ ആയിട്ടുള്ള പുരയിടത്തിൽ കൂടി ലൈൻ പോകാതിരിക്കാനായി ഒരു അടുക്കള പുതുതായി പണിഞ്ഞുകൊണ്ട് സ്ഥിരമായി വൈദ്യുത ലൈൻ എന്റെ പുരയിടത്തിലേക്കും മാറ്റിയിട്ടുള്ളതുമാണ്. ഈയൊരു സാഹചര്യത്തിലാണ് പ്രസ്തുത ലൈൻ മാറ്റി അവർക്ക് സ്വന്തമായിട്ടുള്ള ഈ വഴിയിലൂടെ ലൈൻ പിടിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുള്ളത്.

5. ആയതുകൊണ്ട് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ കൊട്ടാരക്കര Consumer Grievance Redressal Forum ൽ നിന്നും കേസിനാസ്പദമായിട്ടുള്ള റെക്കോർഡ്സ് വിളിച്ചുവരുത്തി വസ്തുതകൾ ബോധ്യപ്പെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

6. ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ കൊടുത്ത ഒരു പരാതിയുടെ അടിസ്ഥാനത്തിൽ അധികൃതർ സ്ഥലത്തെത്തി നാലാം എതിർകക്ഷിയായ സജീവ് കുമാറിനെ കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലൈൻ മാറ്റി സ്ഥാപിച്ചു എന്ന് എഴുതി ഒപ്പിടീപ്പിച്ചിട്ടുള്ളതും, ആയത് നടപ്പിലാക്കി കിട്ടാൻ നിരവധി തവണ പഞ്ചായത്തിലും ഇലക്ട്രിസിറ്റി ഓഫീസിലും കയറിയിറങ്ങിയിട്ടും യാതൊരു പരിഹാരവും കാണാതെ വന്ന സമയം

പഞ്ചായത്ത് അധികൃതരെ കൊണ്ട് ഇലക്ട്രിസിറ്റി അധികാരികളെ വിളിപ്പിച്ചു ലൈൻ മാറ്റി കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടും ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും അനുകൂല പ്രതികരണം ഉണ്ടാവാതിരുന്നത് കൊണ്ടാണ് എനിക്കും പ്രശ്നപരിഹാരത്തിനായി താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയെ സമീപിക്കേണ്ടി വന്നിട്ടുള്ളത്. ഞാൻ ലീഗൽ സർവീസ് അതോറിറ്റിയെ സമീപിച്ചതിന്റെ പേരിൽ ലൈൻ മാറ്റുന്നതിന് ആവശ്യമായ തുക ഞാൻ കെട്ടിവയ്ക്കാൻ എനിക്ക് നോട്ടീസ് തന്നു. ഞാനത് കൈപ്പറ്റാത്തതിന്റെ അടിസ്ഥാനത്തിൽ മൂന്നാം എതിർകക്ഷിയെക്കൊണ്ട് ഞാൻ current cut ചെയ്തു എന്ന് പറഞ്ഞുകൊണ്ട് പരാതി എഴുതി വാങ്ങിച്ച് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടത്. എന്നാൽ പോലീസ് സ്റ്റേഷനിൽ വച്ച് പരാതിക്കാരൻ അത് നിഷേധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് കള്ള പരാതിയാണ് എന്ന് ബോധ്യപ്പെട്ട് തള്ളിക്കളഞ്ഞിട്ടുള്ളതാണ്.

7. മൂന്നാം എതിർകക്ഷി സുമേഷ് ഗൾഫിൽ നിന്നുകൊണ്ട് എന്റെ മൊബൈലിലേക്ക് ശബ്ദ സന്ദേശം അയച്ചു എന്നെ ഭീഷണിപ്പെടുത്തുകയും, ഇപ്പോൾ നാട്ടിൽ വന്ന് പല കള്ള പരാതികളിലൂടെയും, സ്ത്രീകളെ ഉപയോഗിച്ചുകൊണ്ടുപോലും എന്നെ നിരന്തരം പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു.

കഴിഞ്ഞ 30 വർഷക്കാലം judiciary യിൽ ജോലി ചെയ്തു വിശ്രമജീവിതം ആഗ്രഹിച്ചു വന്ന എനിക്ക് മൂന്നും നാലും എതിർകക്ഷികളുടെയും കുടുംബങ്ങളുടെയും പ്രവർത്തി കാരണം അതിന് കഴിയാതെ വന്നിരിക്കുന്നു.

8. ആകയാൽ സമക്ഷത്തുനിന്നും ദയവായി കീഴ് കോടതിയിൽ നിന്നും ഇതിന് ആസ്പദമായ കേസ് റെക്കോർഡ് വരുത്തി വസ്തുതകൾ ബോധ്യപ്പെട്ട ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമെന്നോണം മൂന്നാം എതിർകക്ഷിയുടെ വീട്ടിലേക്കുള്ള സ്വന്തം വഴിയിലൂടെ വൈദ്യുത ലൈൻ മാറ്റി സ്ഥാപിച്ചു തരാൻ അനുമതി ഉണ്ടാകണമെന്നും, എന്താണ് അതിനെപ്പറ്റി കൺസ്യൂമർ കോർട്ട് മൗനം പാലിക്കുന്നത് എന്നും മനസ്സിലാക്കണമെന്നും, ഇവരുടെ സ്വന്തക്കാരായ ചിലരുടെ സ്വാധീനത്താൽ ആണ് ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും എനിക്കെതിരായ നീക്കങ്ങൾ ഉണ്ടായിരിക്കുന്നതെന്നും വ്യക്തമായിരിക്കുന്നതിനാൽ OP. No. 74/2022 നമ്പർ കേസ് വിളിച്ചുവരുത്തി വസ്തുതകൾ ബോധ്യപ്പെട്ട് ഉചിതമായ നടപടികൾ

സ്വീകരിക്കാൻ സന്മനസ്സ് കാട്ടണം എന്ന് അപേക്ഷിക്കുന്നു.

9. CGRF-ന്റെ 16.05.2023 ലെ ഉത്തരവു പ്രകാരം എന്റെ പരാതിക്ക് ആസ്പദമായ യാതൊരുവിധ പരിഹാരവും ഉണ്ടാകാത്തതിന്റെ പേരിലാണ് ഈ അപ്പീൽ പരാതി ബോധിപ്പിക്കുന്നത്.

കൺസ്യൂമർ കോടതി കണ്ടിരിക്കുന്നത് എന്റെ പരാതി ശാസ്താംകോട്ട ലീഗൽ സർവീസ് അതോറിറ്റിയുടെ തീരുമാനപ്രകാരം പരിഹരിച്ചു എന്നാണ്. അത് തീർത്തും തെറ്റായ കാര്യമാണ്. എന്റെ പുരയിടത്തിനകത്ത് നിന്നിരുന്ന വൃക്ഷങ്ങൾ എല്ലാം മുറിച്ചുമാറ്റി കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കളക്ടറുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് അധികൃതർ സ്ഥലത്തെത്തി ആവശ്യപ്പെട്ട സമയം അതിന് തടസ്സമായി നിൽക്കുന്ന വൈദ്യുത ലൈൻ അഴിച്ചുമാറ്റി തരണമെന്ന് ഞാൻ ആവശ്യപ്പെടുകയും അപ്രകാരം നാലാം എതിർകക്ഷിയായ സജീവ് കുമാറിന്റെ പുരയിടത്തിൽ കൂടി മാറ്റി സ്ഥാപിച്ചു കൊള്ളാം എന്ന് ടിയാനെ കൊണ്ട് പഞ്ചായത്ത് അധികൃതർ എഴുതി ഒപ്പിടിപ്പിച്ചു എന്നെ ബോധ്യപ്പെടുത്തുകയും അതിൽ പ്രകാരം കെഎസ്ഇബി ഉദ്യോഗസ്ഥരുടെ നിർദ്ദേശം കൂടി സ്വീകരിച്ചുകൊണ്ട് പഞ്ചായത്ത് അധികൃതർ എന്റെ പുരയിടത്തിലെ മരങ്ങൾ മുറിച്ചു മാറ്റപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

10. എന്നാൽ 10 ദിവസം കാത്തിരുന്നിട്ടും പ്രസ്തുത തീരുമാനപ്രകാരം നടപടിയൊന്നും സ്വീകരിക്കാത്തതിനാൽ ഞാൻ പഞ്ചായത്ത് ഓഫീസിലും ഇലക്ട്രിസിറ്റി ഓഫീസിലും നിരന്തരം കയറിയിറങ്ങി പരാതിപ്പെട്ടിട്ടും യാതൊരു പ്രയോജനവും കിട്ടാതിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അദാലത്തിൽ പരാതിപ്പെടുകയും, മൂന്നാം എതിർകക്ഷിയെ കൊണ്ട് പൈസ അടപ്പിച്ച് പ്രസ്തുത ലൈൻ ഒന്ന് പൊക്കി കെട്ടിയിട്ടുള്ളതുമാണ്. ഈ ലൈൻ മാറ്റി കെട്ടുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുമായി അതിന് യാതൊരു ബന്ധവുമില്ലാത്തതുമാണ്.

രണ്ടാമത് CGRF കണ്ടിരിക്കുന്നത് വർഷങ്ങൾക്കു മുൻപ് ഞാൻ ലൈൻ വലിക്കാൻ പെർമിഷൻ കൊടുത്തു എന്നാണ്. ഈ വസ്തുവിലെ വാങ്ങി വീട് വെച്ച 30 വർഷങ്ങൾക്കു മുൻപാണ് ആ സമയം മൂന്നാം എതിർകക്ഷിയും കുടുംബവും താമസിച്ചിരുന്നത് എന്റെ വസ്തുവിന്റെ
തന്നെ ഒരു പോഷനം നേരെ കിഴക്കുവശത്തുമായിരുന്നു. ടിയാൻ ആ സ്ഥലം വിൽക്കുകയും നാലാം എതിർകക്ഷിയായ സജീവിന്റെ വീടിന്റെ കിഴക്കുവശം ഒരു താൽക്കാലിക ഷെഡ്ഡിൽ കുടുംബസമേതം താമസിച്ചു വരികയുമായിരുന്നു. ആയതിലേക്കും എന്റെ പുരയിടത്തിന്റെ തെക്കുവശം താമസക്കാരനും മൂന്നാം എതിർകക്ഷിയുടെ സഹോദരനുമായ സജീവ് കുമാറിന്റെ പുരയിടത്തിൽ കൂടിയാണ് temporary യായി ലൈൻ വലിച്ചിരിക്കുന്നത്.

11. 2015 വരെ ഞങ്ങൾ കുടുംബസമേതം judiciary department ലെ ജോലി സൗകര്യാർത്ഥം കൊട്ടാരക്കരയിൽ വാടകയ്ക്ക് താമസമായിരുന്നു. Retirement ന് ശേഷമാണ് ഞങ്ങൾ ഇവിടെ താമസമാക്കുന്നത് ഈ സമയത്ത് ഞാൻ പെർമിഷൻ കൊടുത്തു എന്ന് പറയുന്നത് കളവാണ്. ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഞാൻ ഒപ്പിട്ടു കൊടുത്തു എന്ന് പറയുന്ന രേഖ ബന്ധപ്പെട്ടവരിൽ നിന്നും വരുത്തി പരിശോധിച്ചു ബോധ്യപ്പെടേണ്ടതാണ്.

കൂടാതെ മൂന്നാം എതിർകക്ഷി പുതുതായി വീട് വച്ചു താമസം ആയതിനുശേഷം ആണ് ഈ വൈദ്യുത ലൈനിനെ സംബന്ധിച്ച് നിരവധി പരാതികളും ഉണ്ടായിട്ടുള്ളത്. പ്രസ്തുത വീട്ടിലേക്ക് ലൈൻ വലിക്കാൻ സ്വന്തമായുള്ള വഴിയുടെ ഫോട്ടോയെടുത്ത് consumer court നെ ബോധ്യപ്പെടുത്തിയിട്ടും സൈറ്റ് സന്ദർശിച്ച സമയത്ത് നേരിട്ട് ബോധ്യപ്പെട്ടിട്ടും ആയതിനെക്കുറിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല.

കഴിഞ്ഞ അഞ്ചുവർഷക്കാലമായി മൂന്നും നാലും എതിർകക്ഷികളും കുടുംബവും പലവിധത്തിൽ എന്നെ നിരന്തരം ചീത്ത വിളിക്കുകയും കള്ള പരാതികൾ പല ഡിപ്പാർട്ട്മെന്റുകളിൽ

കൊടുത്തുകൊണ്ട് പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്റെ നാല് ചുറ്റും ഇവരുടെ ബന്ധുക്കളാണ് താമസിച്ച കൊണ്ടിരിക്കുന്നത്.

12. ഇവരെക്കൊണ്ടെല്ലാം നിരവധി പരാതികൾ അയച്ച എന്നെ നിരന്തരം പീഡിപ്പിക്കുന്നു. എങ്ങനെയും എന്നെയും കുടുംബത്തെയും ഇവിടെ നിന്നും ഓടിക്കുമെന്നാണ് ഇവർ നിരന്തരം പറഞ്ഞു കൊണ്ടിരിക്കുന്നത്.

ഇവരുടെ നിരന്തരമായ ഇത്തരം പ്രവർത്തി കാരണം എനിക്ക് heart attack ഉണ്ടാവുകയും തുടർന്ന് angioplasty ചെയ്ത വിശ്രമ ജീവിതം
നയിക്കുകയുമാണ്. വൈഫ് ഒരു ക്രോണിക് ഷുഗർ പേഷ്യന്റ് ആണ്. എന്റെ മകൻ സൗത്ത് ഇന്ത്യൻ ബാങ്കിൽ മാനേജർ ആയി ബലരാമപുരത്ത് താമസമാണ്. അസുഖബാധിതരായ ഞങ്ങൾക്ക് ഒരു വിശ്രമ ജീവിതം നയിക്കാൻ എതിർകക്ഷികളുടെയും ബന്ധുക്കളുടെയും പ്രവർത്തികരുണം സാധിക്കാതെ വന്നിരിക്കുകയാണ്.

ആയതിനാൽ സമക്ഷത്തുനിന്നും ദയവുണ്ടായി, ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമായി എതിർകക്ഷിക്കു സ്വന്തമായിട്ടുള്ള വഴിയിലൂടെ അവരുടെ വീട്ടിലേക്ക് വൈദ്യുത കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച എന്നെയും കുടുംബത്തെയും ഈ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുമാറാകണ മെന്നപേക്ഷിക്കുന്നു.

## <u>എതിർക്കക്ഷിയുടെ വാദം</u>

1. ശ്രീ. സോമരാജൻ പിള്ള, തപസ്സ്യ, മനക്കര എന്നയാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ശ്രീ. ശശിധരൻ നായരുടെ വീട്ടിലേക്ക് വൈദ്യുതി കണക്ഷൻ നൽകിയിരിക്കുന്നത് വെതർ പ്രൂഫ് വയർ ഉപയോഗിച്ചാണെന്ന് കാണുന്നു. നിലവിൽ ഇത് സോമരാജൻ പിള്ളയുടെ വസ്തുവിന്റെ മതിലിന് മുകളിൽ കൂടിയാണ് കടന്നു പോകുന്നത്. ഇപ്പോൾ ഈ വെതർ പ്രൂഫ് വയർ മാറ്റി നൽകണമെന്ന് കാണിച്ച് ശാസ്താംകോട്ട സെക്ഷൻ ഓഫീസിൽ സോമരാജൻ പിള്ള അപേക്ഷ നൽകിയിരുന്നു. ഈ വെതർ പ്രൂഫ് വയർ മാറ്റി സ്ഥാപിക്കുന്നതിനായി 1931 രൂപ ചിലവിനത്തിലും 354 രൂപ അപേക്ഷ ഫീസിനത്തിലും അടയ്ക്കണമെന്ന് കാണിച്ച സോമരാജൻ പിള്ളയ്ക്ക് ശാസ്താംകോട്ട ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും ഒരു രജിസ്റ്റേഡ് കത്ത് അയച്ചിരുന്നു. എന്നാൽ ടിയാൻ ഈ കത്ത് സ്വീകരിക്കുവാൻ തയ്യാറായില്ല. ഇതിനുശേഷം ശശിധരൻ നായരുടെ വീട്ടിലേക്ക് കണക്ഷൻ നൽകിയിരുന്ന വെതർ പ്രൂഫ് വയർ സോമരാജൻ പിള്ള തോട്ടി ഉപയോഗിച്ച് വലിച്ച വിടുകയുണ്ടായി. ശശിധരൻ നായരുടെ വീട്ടിലേക്ക് വൈദ്യുതി ഇല്ല എന്ന പരാതിയെ തുടർന്ന് പരിശോധിച്ചപ്പോൾ ഒരു തോട്ടിയിൽ കുരുങ്ങി വെതർ പ്രൂഫ് വയർ സോമരാജൻ പിള്ളയുടെ പുരയിടത്തിൽ കിടക്കുന്നതായി ലൈൻമാൻമാർ കാണുകയും അത് റീകണക്ട് ചെയ്ത വൈദ്യുതി പുനസ്ഥാപിക്കുകയും ചെയ്തു. 30-07-2022 ൽ വീണ്ടും ഇത് ആവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട അസിസ്റ്റന്റ് എൻജിനീയർ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ സോമരാജൻ പിള്ളയ്ക്ക് എതിരെ ഒരു പരാതി നൽകിയിരുന്നു.

2. 12-11-2022 ൽ ശാസ്താംകോട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഇത് സംബന്ധിച്ച ഒരു അദാലത്ത് നടത്തുകയും ലൈൻ മാറ്റുന്നതിന് ആവശ്യമായ തുക ശശിധരൻ നായർ അടക്കണമെന്ന് ഉത്തരവിടുകയും ഉണ്ടായി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശശിധരൻ നായർ ഈ തുക ശാസ്താംകോട്ട ഓഫീസിൽ അടയ്ക്കുകയും 30-11-2022ൽ വർക്ക് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇതിനുശേഷം ശ്രീ സോമരാജൻ പിള്ള ബഹുമാനപ്പെട്ട CGRF-ൽ പരാതിപ്പെടുകയും CGRF-ൽ നിന്ന് സ്ഥല പരിശോധന നടത്തിയപ്പോൾ നിലവിൽ പരാതിയിൽ പറയുന്ന വെതർ പ്രൂഫ് വയർ

കാരണം ശ്രീ. സോമരാജൻ പിള്ളയ്ക്ക് ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഇല്ലെന്ന് മനസ്സിലാക്കിയതിനാൽ K.S.E.B യ്ക്ക് അനുകൂലമായി വിധി വരുകയും ചെയ്തിട്ടുള്ളതാണ്.

<u>പരാതിക്കാരന്റെ എതിർ വാദം</u>

1. ഞങ്ങൾ ഇരുവരും കഴിഞ്ഞ 30 വർഷത്തിന് മുമ്പ് വില വാങ്ങി വീട് പണി കഴിപ്പിച്ച് ഇട്ടിട്ട് കഴിഞ്ഞ അഞ്ചുവർഷത്തിനു മുമ്പ് വരെ Judicial department ലെ ജോലിയുടെ സൗകര്യാർത്ഥം കൊട്ടാരക്കരയിൽ വാടകവീട്ടിൽ താമസമായിരുന്നു. 2015 ലെ റിട്ടയർമെന്റിനോടനുബന്ധിച്ചാണ് ഇവിടെ താമസമാകുന്നത്. എന്റെ വീട്ടുപുരയിടത്തിന്റെ ഭാഗമായിട്ടുള്ളതും കിഴക്ക് വശത്തായി സ്ഥിതി ചെയ്യുന്ന വസ്തുവിൽ ആണ് ഇതിലെ മൂന്നാം എതിർകക്ഷിയും കുടുംബവും താമസിച്ചു വന്നിരിക്കുന്നത്. പ്രസ്തുത വസ്തു വിറ്റിട്ടു അതിന്റെ തെക്കരികിലുള്ള ശേഷിച്ച നാല് സെന്റ് വസ്തുവിൽ പുതുതായി വീട് വെച്ച് താമസം തുടങ്ങിയതിനുശേഷം ആണ് ഈ തർക്കത്തിന് കാരണമായിട്ടുള്ളത്.

   എന്റെ താമസസ്ഥലത്തിന തെക്ക് വശമാണ് നാലാം എതിർകക്ഷിയും കുടുംബവും താമസിക്കുന്നത്. മൂന്നും നാലും എതിർകക്ഷികൾ സഹോദരങ്ങളാണ്. മൂന്നാം എതിർ കക്ഷിയുടെ വീടും സ്ഥലവും വിറ്റ സമയത് നാലാം എതിർ കക്ഷിയുടെ വീടിന്റെ തൊട്ട് കിഴക്കുവശം സ്ഥലത്താണ് മൂന്നാം എതിർ കക്ഷിയും കുടുംബവും ഒരു താൽക്കാലിക വീട് നിർമ്മിച്ച് താമസിക്കുന്നത്.

2. ഈ താൽക്കാലിക വീടിന്റെ ആവശ്യത്തിലേക്ക് എന്റെ താമസസ്ഥലത്തിന്റെ തെക്ക് പടിഞ്ഞാറെ മൂലയിൽ ഉള്ള ഇലക്ട്രിക് പോസ്റ്റിൽ നിന്നും എന്റെ വസ്തുവിന്റെ തെക്ക് വശമുള്ള Compund wall ന്റെ തെക്കുവശം നാലാം എതിർകക്ഷിയുടെ സ്ഥലത്തുകൂടി താൽക്കാലിക സംവിധാനത്തിൽ ലൈൻ വലിച്ച് ഉപയോഗിക്കുകയായിരുന്നു. ആയതിന് എന്റെ പെർമിഷൻ ആവശ്യമില്ലാത്തതും, അപ്രകാരം ഞാനും എന്റെ ഭാര്യയോ അനുവാദം കൊടുത്തിട്ടില്ലാത്തതുമാകുന്നു.

   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഞാൻ പെർമിഷൻ കൊടുത്തിട്ടുണ്ട് എന്ന് തെറ്റായി ധരിപ്പിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ഞാൻ പെർമിഷൻ കൊടുത്തിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട ombudsman പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. പ്രസ്തുത താൽക്കാലിക ഷെഡ് മാറ്റി പുതിയ വീട് മൂന്നാം എതിർകക്ഷി പണികഴിപ്പിച്ച് മാറിയ സമയം നേരത്തെ എടുത്തിരുന്ന താൽക്കാലിക കണക്ഷൻ തന്നെ മാറ്റി കൊടുത്ത സമയത്താണ് എന്റെ Compund wall ന്റെ അകത്തുകൂടി നാലാം എതിർകക്ഷിയുടെ പിതാവ് ബലമായി ലൈൻ പിടിച്ച് കെട്ടിയത്. അന്നുമുതൽ പലതവണ ഞാനും നാലാം എതിർ കക്ഷിയും തമ്മിൽ വാക്കു തർക്കങ്ങൾ ഉണ്ടാവുകയും, അപ്പോഴെല്ലാം electricity office ൽ പരാതി കൊടുക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തുപോരുന്നതാണ്. എന്നാൽ കുറച്ചുനാൾ കഴിയുമ്പോൾ പഴയതുപോലെ നാലാം എതിർ കക്ഷിയുടെ പിതാവ് എന്റെ പുരയിടത്തിനകത്തുള്ള വൃക്ഷങ്ങളിൽക്കൂടി ചേർത്തുവച്ച് കെട്ടിയിട്ടുള്ളതാണ്.

3. മൂന്നാം എതിർകക്ഷിയുടെ വീട്ടിലേക്ക് 10 അടിയോളം വീതിയുള്ള ഒരു വഴിയുണ്ട്. ആ വഴി നാലാം എതിർകക്ഷിക്കുകൂടി വണ്ടി കയറ്റി കൊണ്ടു പോകാൻ മൂന്നാം എതിർ കക്ഷി അനുവദിക്കാതിരുന്നതിന്റെ വിരോധത്താൽ ആണ് നാലാം എതിർകക്ഷി ടിയാന്റെ പുരയിടത്തിൽ കൂടി വലിച്ചിരുന്ന വൈദ്യുത ലൈൻ എന്റെ പുരയിടത്തിനകത്തേക്ക് മാറ്റി വലിച്ചു കെട്ടിയിട്ടുള്ളത്. ടിയാന്റെ ഈ പ്രവർത്തിയെ ചോദ്യം ചെയ്ത എന്നെ പലവിധത്തിൽ പല ഡിപ്പാർട്ട്മെന്റലും കള്ള പരാതി കൊടുത്തുകൊണ്ട് മാനസികമായി പീഡിപ്പിക്കുകയാണ്. ഏറ്റവും അവസാനം ബഹു. കൊല്ലം ജില്ലാ കളക്ടർക്ക് കൊടുത്ത ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട പഞ്ചായത്തിൽ നിന്നും അധികാരികൾ എന്നെ സമീപിച്ച് എന്റെ വസ്തുവിന്റെ തെക്ക് വശം നിൽക്കുന്ന മരങ്ങൾ എല്ലാം ശിഖരങ്ങൾ മുറിച്ചുമാറ്റി കൊടുക്കണമെന്ന് പറഞ്ഞു സമീപിക്കുകയും, ആ സമയം ഞാൻ ടി വൃക്ഷങ്ങളിൽ കൂടി ചേർത്ത് വലിച്ചിരുന്ന വൈദ്യുത ലൈൻ മാറ്റിത്തരണമെന്ന് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ electricity office ൽ നിന്നും

അധികാരികളെ വരുത്തി ലൈൻ മാറ്റുന്നതിനെ സംബന്ധിച്ച് ധാരണയിൽ എത്തുകയും ധാരണ പ്രകാരം നാലാം എതിർകക്ഷിയുടെ ചിലവിൽ ഒരാഴ്ചയ്ക്കകം ലൈൻ മാറ്റി സ്ഥാപിച്ചുകൊള്ളണമെന്ന് പഞ്ചായത്ത് അധികൃതർ മുമ്പാകെ എഴുതി ഒപ്പിട്ടു കൊടുത്തിട്ടുള്ളതും അതിൽപ്രകാരം വൃക്ഷങ്ങൾ മുറിച്ചുമാറ്റിയിട്ടുള്ളതുമാണ്.

4. എന്നാൽ പല പ്രാവശ്യം പഞ്ചായത്താഫീസിലും ഇലക്ട്രിസിറ്റി ഓഫീസിലും കയറിയിറങ്ങിയിട്ടും അധികൃതരുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടാകാതിരിക്കുകയും, പഞ്ചായത്ത് അധികൃതർ മുമ്പാകെ എഴുതി ഒപ്പിട്ട് കൊടുത്തിട്ടുള്ള

നാലാം എതിർകക്ഷിയോ ഉപഭോക്താവായ മൂന്നാം എതിർകക്ഷിയോ ആയതിന് ആവശ്യമായ തുക അടയ്ക്കാൻ തയ്യാറാകുന്നില്ലെന്നും അറിയിച്ചതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത വൈദ്യുത ലൈൻ അവരുടെ വീട്ടിലേക്കും ഉള്ള സ്വന്തം വഴിയിൽ കൂടി മാറ്റി സ്ഥാപിച്ചു തരണമെന്ന് പറഞ്ഞ് ഞാൻ written complaint കൊടുത്തിട്ടുള്ളത്.

കഴിഞ്ഞ 30 വർഷക്കാലം judiciary department ൽ ജോലി ചെയ്തു ഒരു വിശ്രമജീവിതം സമാധാനപരമായി ജീവിക്കാൻ ആഗ്രഹിച്ച ഇവിടെ താമസം തുടങ്ങിയത് എനിക്ക് ഇവരുടെ പ്രവർത്തികൾ കാരണം അതിന് കഴിയാതെ വന്നിരിക്കുകയാണ്. ഇവരുടെ നിരന്തരമായ പീഡനം കാരണം എനിക്ക് attack വരികയും തുടർന്ന് angioplast ചെയ്തു വിശ്രമിക്കുകയും ചെയ്തു വരികയാണ്. എല്ലാവിധ സാമൂഹിക പ്രവർത്തികളിൽ നിന്നും ഒഴിഞ്ഞുമാറി വീട്ടിൽ വിശ്രമിച്ചു വന്ന എന്നെയാണ് ഞാൻ വൈദ്യുത ലൈൻ കട്ട് ചെയ്തു എന്നു പറഞ്ഞുകൊണ്ട് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ട് എന്നെ മാനസികമായി S.H.O യെക്കൊണ്ട് വളരെയധികം ആഘാതം ഏൽപ്പിച്ചത്. ഇത്തരം പ്രവർത്തികൾ ഇന്നും തുടർന്നുവരുന്നു. എല്ലാം ഈ വൈദ്യുത ലൈൻ വലിച്ച കാരണത്താലാണ്. അതുകൊണ്ടാണ് ഈ ലൈൻ അവരുടെ തന്നെ വഴിയിൽ കൂടി മാറ്റി സ്ഥാപിച്ചു തരണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പറയുന്ന സത്യവാങ്മൂലത്തിൽ തന്നെ കാര്യങ്ങൾ ബോധ്യപ്പെടുന്നതാണ്. ഞാൻ ലൈൻ മാറ്റാൻ കൊടുത്ത അപേക്ഷ മാസങ്ങൾ കയ്യിൽ വച്ചിട്ട്, എന്നെക്കൊണ്ട് പിഴയടപ്പിക്കാനും അതിൽ നിന്നും എന്നെ പിന്തിരിപ്പിക്കാനും വേണ്ടിയാണ് എനിക്ക് നോട്ടീസ് തന്നിട്ടുള്ളത്. അത് ഞാൻ കൈപ്പറ്റാതിരുന്നതിന്റെ വിരോധത്തിലാണ് എനിക്കെതിരെ ശാസ്താംകോട്ട S.H.O. മുമ്പാകെ എനിക്കെതിരെ പരാതി കൊടുത്തിട്ടുള്ളത്. എന്നാൽ S.H.O. മുമ്പാകെ ഇതിലെ മൂന്നാം എതിർകക്ഷിയുടെ പിതാവ് ശശിധരൻ നായർ തന്നെ ആ കാര്യം നിഷേധിക്കുകയും S.H.O. എന്നെ വെറുതെ വിടുകയും ചെയ്തിട്ടുള്ളത്. ഇതിന്റെ വിഷമത്തിലാണ് ഞാൻ ശാസ്താംകോട്ട കോടതിയിൽ അദാലത്തിൽ പെറ്റീഷൻ കൊടുത്തത്. അവിടെ പഞ്ചായത്ത് അധികൃതർ വരികയും, നാലാം എതിർകക്ഷി ഇപ്രകാരം എഴുതി കൊടുത്തിട്ടുള്ളത് ബോധ്യപ്പെടുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ത് അടിസ്ഥാനത്തിലാണ് എനിക്കെതിരെ ഇത്തരം നടപടികൾ കൈക്കൊണ്ടത് എന്ന് ചോദിക്കുകയും, ഉപഭോക്താവായ ശശിധരൻ നായരെ കൊണ്ട് പൈസ അടയ്ക്കാൻ ഉത്തരവിടുകയും ചെയ്തത്.

ഞാൻ heart patient ഉം, വൈഫ് ഒരു chronic sugar patient ഉം ആണ്. മകൻ കുടുംബവുമായി ജോലി സ്ഥലത്താണ് എനിക്ക് നിയമങ്ങളെ അനുസരിക്കാനും അതനുസരിച്ച് ജീവനിക്കാനുമേ കഴിയുകയുള്ളൂ.
എതിർകക്ഷികളെപ്പോലെ തരംതാഴാനും എനിക്ക് കഴിയില്ല. ഇവരുടെ ഇത്തരം കുല്സിതശ്രമങ്ങൾക്കു പിന്നാലെ പോകാനുള്ള കഴിവും എനിക്കില്ല.

ആയതിനാൽ, സമക്ഷത്തു നിന്നും ദയവുണ്ടായി ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്നോണം ഈ വൈദ്യുത ലൈൻ അവരുടെ സ്വന്തം വഴിയിലൂടെ മാറ്റി സ്ഥാപിച്ചു തരണമെന്ന് ഉത്തവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ വിശദമായ വാദം കേൾക്കൽ 02/08/2023, ഓംബുഡ്സ്മാന്റെ ആസ്ഥാന ഓഫീസിൽ നടന്നു. ഹൃദ്രോഗത്തെ തുടർന്ന് ചികിത്സയിലായിരുന്നതിനാൽ പരാതിക്കാരൻ ഹിയറിങ്ങിന് ഹാജരായില്ല. എതിർ കക്ഷിയായ ശ്രീ. ഷാജി തോമസ്, AEE, കരുനാഗപ്പള്ളി ഹിയറിങ്ങിൽ പങ്കെടുത്തു.

പരാതിക്കാരൻ ശ്രീ. സോമരാജൻ പിള്ളയും ഭാര്യയും ശാസ്താംകോട്ട സെക്ഷന്റെ പരിധിയിലുള്ള മനക്കര താമസക്കാരും ലൈസൻസി (KSEB)യുടെ ഉപഭോക്താവുമാണ്. കഴിഞ്ഞ ഏഴ് വർഷമായിട്ടാണ് ഈ മേൽവിലാസത്തിൽ താമസമാക്കിയിരിക്കുന്നത്. ഈ സ്ഥലം 30 വർഷം മുൻപ് വാങ്ങി വീട് പണി കഴിഞ്ഞിട്ടുള്ളതാണ്. ജോലി സംബന്ധമായി 2015 ന് മുൻപ് കൊട്ടാരക്കരയിൽ സ്ഥിരതാമസം ആയിരുന്നു. ഇദ്ദേഹത്തിന്റെ തെക്ക് കിഴക്ക് വശത്തായി താമസിക്കുന്ന സുമേഷിന്റെ താൽക്കാലിക വീട്ടിലേക്ക് വലിച്ചിരുന്ന ലൈൻ പരാതിക്കാരന്റെ തെക്കുവശം താമസിക്കുന്ന സജീവ് കുമാറിന്റെ വസ്തുവിന് മുകളിലൂടെയാണ് വലിച്ചിരിന്നത്. ഈ രണ്ട് അയൽവാസികളും ബന്ധുക്കളുമാണ്. എന്നാൽ സുമേഷ് അല്പം വടക്കോട്ട് മാറി പുതിയ വീട് വച്ചതിനാൽ മുൻപ് വലിച്ചിരുന്ന ലൈൻ തന്നെ അവിടെ കണക്ഷൻ നൽകാൻ വേണ്ടി ഉപയോഗിച്ചപ്പോൾ പരാതിക്കാരന്റെ വസ്തുവിലൂടെ കടന്നുപോവുകയും അവിടെ മരങ്ങളിൽ തട്ടുകയും ചെയ്യുന്നു എന്നതാണ് പരാതി.

CGRF സ്ഥലത്ത് പരിശോധന നടത്തിയപ്പോൾ ഈ ലൈൻ പരാതിക്കാരന് ഒരുതരത്തിലുള്ള അസൗകര്യങ്ങളും ഉണ്ടാക്കുന്നില്ല എന്നാണ് കണ്ടത്. എന്നാൽ ഈ ലൈൻ അല്പം എങ്കിലും പരാതിക്കാരന്റെ സ്ഥലത്തേക്ക് കടക്കുകയോ മരങ്ങളിൽ തട്ടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് പോസ്റ്റിൽ ഒരു cross arm ശരിയായ രീതിയിൽ സ്ഥാപിച്ച് ഒഴിവാക്കാമായിരുന്നു. ഒരു ലൈൻ വലിക്കുമ്പോൾ

ലൈസൻസി പാലിക്കേണ്ട നിബന്ധനകൾ Indian Telegraph Act- 1885 പ്രകാരമാണ്.

Section 10 *"The telegraph authority may, from time to time, place and maintain a telegraph line under, over, along, or across and posts in or upon any immovable property:"* (d) *"in the exercise of the powers conferred by this section, the telegraph authority shall do as little damage as possible, and, when it has exercise those powers in respect of any property other than that referred to in clause(c), shall pay full compensation to all persons interested for any damage sustained by them by reason of the exercise of those powers."*

Section 17(1) *"When, under the foregoing provisions of this Act, a telegraph line or post has been placed by the telegraph authority under, over, along, across, in or upon any property not being vested in or under the control or management of a local authority, and any person entitled to do so desires to deal with that property in such a manner as to render it necessary or convenient that the telegraph line or post should be removed to another part thereof or to a higher or lower level or altered in form, he may require the telegraph authority to remove or alter the line or post accordingly:*

*Provided that, if compensation has been paid under Section 10, clause(d) he shall, when making the requisition, tender to the telegraph*

*authority the amount requisite to defray the expense of the removal or alteration, or half of the amount paid as compensation, whichever may, be the smaller sum."*

(2) *"If the telegraph authority omits to comply with the requisition, the person making it may apply to the District Magistrate with whose Jurisdiction the property is situated to order the removal or alteration''.*

(3) *"A District Magistrate receiving an application under subsection (2) may, in his discretion rejects the same or make an order, absolutely or subject to conditions, for the removal of the telegraph line post to any other part of the property or to higher or lower level or for the alteration of its form; and the order so made shall be final."*

അധികൃതമായി വസ്തുവിലൂടെ വലിച്ചിരുന്ന ലൈൻ മാറ്റണമെന്ന് അപേക്ഷ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ Section 17(1) ൽ പ്രതിപാദിക്കുന്നു. അഥവാ ലൈസൻസി പാലിക്കാതെ വന്നാൽ ഉണ്ടാകുന്ന തർക്കത്തിന് പരിഹാരം ഉണ്ടാക്കേണ്ട അതാത് ജില്ലാ മജിസ്ട്രേറ്റ് (ജില്ലാ കളക്ടർ) ആണ്. ഇവിടെ പരാതിക്കാരൻ തന്നെ ജില്ലാ കളക്ടറെ സമീപിച്ചതായി ഇവിടെ ചേർത്തിരിക്കുന്ന കളക്ടർക്കുള്ള പരാതിയുടെ കോപ്പിയിൽ നിന്നും മനസ്സിലാക്കുന്നു. അതിന് ഒരു തീരുമാനമെടുത്തിട്ടില്ല എന്നതും കാണാം. അതായത് പ്രസ്തുത പരാതി

കളക്ടറുടെ പരിഗണനയിലായിരിക്കാം. കൂടാതെ ഇതേ പരാതി ശാസ്താംകോട്ട മുൻസിഫ് കോടതിയിൽ സമർപ്പിച്ചിരുന്നു എന്നും അതിന് തീരുമാനമെടുത്തിരുന്നു എന്നും പരാതിക്കാരന്റെ വാദത്തിൽ പറയുന്നു. ആ ഉത്തരവിന്റെ കോപ്പി സമർപ്പിച്ചിട്ടില്ല. KSERC (CGRF and Electricity Ombudsman) Regulation 2005 പ്രകാരം മറ്റൊരു ഫോറത്തിന്റെ പരിഗണനയിൽ ആയിരിക്കുന്ന പരാതി Ombudsman-ന് സമർപ്പിക്കാൻ പാടുള്ളതല്ല.

Ombudsman-ന് സമർപ്പിക്കുന്ന *Section (22) (1) "No representation to the Ombudsman shall lie: (d) "No representation to the Ombudsman shall lie in cases where a representation for the same grievance by court, tribunal or arbitrator or any other authority or a decree or award or a final order has already been passed by any such court, tribunal, arbitrator or authority."*

ഇത് Form B യിൽ ഈ പരാതി മറ്റൊരിടത്തും പരിഗണനയിൽ ഇല്ല എന്ന ഒരു പ്രസ്താവനയായി സമർപ്പിച്ചിട്ടുള്ളതാണ്. അങ്ങനെ വരുമ്പോൾ തന്നിട്ടുള്ള പ്രസ്താവന ശരിയല്ല എന്നുവരുന്നു.

<u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ഈ പരാതി ജില്ലാ കളക്ടറുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ഒരു തീരുമാനവും എടുക്കുന്നില്ല. ജില്ലാ കളക്ടറുടെ തീരുമാന പ്രകാരം തർക്ക പരിഹാരം കാണേണ്ടതാണ്.

2. മറ്റുചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/032/2023/ തിയതി: 11/08/2023.

അയക്കുന്നത്:

1. എം. സോമരാജൻ പിള്ള, തപസ്സ്യ, മനക്കര, ശാസ്താംകോട്ട പി. ഒ., കൊല്ലം.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ. എസ്. ഇ. ബി ലിമിറ്റഡ്, ശാസ്താംകോട്ട.

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, 0കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, CGRF, വൈദ്യുതിഭവനം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - 691 506.